# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *795 — 17.07.2014 ൽ മറുപടിക്ക്.

## ചെറുകിട – ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. പി. റ്റി. എ. റഹീം : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പീടികകളിലും ചില്ലറ വില്പനശാലകളിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ പന്ത്രണ്ട് മണിക്കൂറോളം പണിയെടുക്കുന്ന ഇവർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ലെന്നതുമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ടോ; എങ്കിൽ കണ്ടെത്തൽ എന്തായിരുന്നു; അടിസ്ഥാന സൗകര്യവും മിനിമം വേതനവും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തി, 1948 – ലെ മിനിമം വേതന നിയമപ്രകാരമുള്ള കുറഞ്ഞ കൂലി, 1960 – ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ, 1958 – ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (N&FH) നിയമപ്രകാരമുള്ള ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ, 1961 – ലെ മെറ്റേർണിറ്റി ബനിഫിറ്റ് ആക്ട് പ്രകാരം സ്ത്രീ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. |

| | |
|---|---|
| (സി) സംസ്ഥാനത്ത് ചെറുകിട – ചില്ലറ വില്പനശാലകളിൽ പണിയെടുക്കുന്നവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (സി) പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ 30.06.2014 വരെയുള്ള കണക്കുകൾ പ്രകാരം, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ 6,93,342 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകുമോ; | (ഡി) ഉണ്ട്. ബോർഡിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും peedika.kerala.gov.in എന്ന വെബ്ബ് സൈറ്റിൽ ലഭിക്കുന്നതാണ്. |
| (ഇ) പീടിക തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഇ) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിൽ 30.06.2014 വരെ 6,93,342 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.